I ഇ.ബി. XIII – കേരള നിയമസഭ/II-4

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2011 സെപ്റ്റംബർ 29, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**അടിയന്തരപ്രമേയം**

**പാമോലിൻ കേസ് വിധി സ്റ്റേ ചെയ്യപ്പെട്ടത് സംബന്ധിച്ച്**

മി. സ്പീക്കർ: പാമോലിൻ കേസ് സംബന്ധിച്ച വിജിലൻസ് കോടതി ജഡ്ജ്മെന്റിനെതിരെ കേരള ഹൈക്കോടതിയിൽ ശ്രീ. ജിജി തോംസൺ ഐ.എ.എസ്. നൽകിയ ഹർജിയുടെ വിചാരണ വേളയിൽ സർക്കാർ അഭിഭാഷകൻ സർക്കാരിന് വിരുദ്ധമായ നിലപാട് എടുത്തതുമൂലം വിധി സ്റ്റേ ചെയ്യപ്പെട്ട ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.എസ്.സുനിൽകുമാർ, സി.കെ. നാണു, എ.എ.അസീസ്, എ. കെ. ശശീന്ദ്രൻ, ഡോ. ടി.എം. തോമസ് ഐസക് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ കേസ് ഒക്ടോബർ 17-ന് അന്തിമ വാദത്തിന് വച്ചിരിക്കുകയാണ്. അന്തിമവിധി വരുന്നതിനുമുമ്പ് കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ് സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം കൊണ്ടുവരുന്നത് അതിന്റെ മെറിറ്റിനെ ബാധിക്കുമെന്ന് മാത്രമല്ല ഇന്ത്യൻ ഭരണഘടനയ്ക്കും റൂൾസ് ഓഫ് പ്രൊസീഡ്യുവറിനും നിരക്കുന്നതുമല്ല. ഇത് സബ്ജുഡിസാണ്. പാമോലിൻ കേസിൽ സർക്കാർ ഒരുതരത്തിലും ഇടപെടില്ലെന്ന് മുഖ്യമന്ത്രി തന്നെ പറഞ്ഞതിന് വിരുദ്ധമായി കേസ്സിലെ 5-ാം പ്രതി കേസ് കൊടുത്തിരിക്കുന്നു എന്ന ദു:സൂചനയോടുകൂടിയാണ് അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് നിയമിച്ച വിജിലൻസ് കോടതി പ്രോസിക്യൂട്ടർ, മുഖ്യമന്ത്രി ഇതിൽ പ്രതിയല്ലെന്നുള്ള ഫൈനൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടാണ് സമർപ്പിച്ചത്. മുഖ്യമന്ത്രി അപ്പീലിന് പോകുന്നില്ലെന്നു പറഞ്ഞത് പൊളിറ്റിക്കൽ ഡിസിഷനാണ്. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ പേരിൽ കേസുണ്ടായാൽ കോടതിയിൽ പോകുകയും നിരപരാധിത്വം തെളിയിക്കുകയും ചെയ്യുക എന്നുള്ളത് അയാളുടെ മൗലീകാവകാശമാണ്. അതുകൊണ്ട് ശ്രീ. ജിജി തോംസൺ അപ്പീലിന് പോയതിനെ മുഖ്യമന്ത്രിയുമായി ബന്ധിപ്പിക്കേണ്ടതില്ല. ഈ കേസിൽ എ.ജി. ഡെപ്യൂട്ട് ചെയ്തത് ഗവൺമെന്റ് പ്ലീഡറെയാണ്. ഈ കേസിന്റെ മെറിറ്റിലേക്ക് കടന്ന് പ്ലീഡർ യാതൊന്നും ചെയ്തിട്ടില്ല. മുഖ്യമന്ത്രിയെ ഇതുമായി ബന്ധിപ്പിക്കുവാൻവേണ്ടി നടത്തിയ നീക്കത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിരിക്കുന്ന അടിയന്തരപ്രമേയം അനുവദിക്കാൻ പാടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സബ്ജുഡിസായ ഒരു കാര്യവും ഇവിടെ പറഞ്ഞിട്ടില്ല. വിജിലൻസ് ജഡ്ജിയുടെ വിധി വന്നതിനുശേഷമാണ് പാമോലിൻ കേസിൽ സുവോമോട്ടോ പുനരന്വേഷണത്തിന് ജഡ്ജിക്ക് അധികാരമില്ലെന്ന് കാണിച്ച് അഞ്ചാം പ്രതി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. വിജിലൻസ് ഡയറക്ടർ കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ സുവോമോട്ടോ ആയിട്ടാണ് ജഡ്ജി ഈ കേസ് പരിഗണിച്ചിരിക്കു ന്നത്. ഐ.എ.എസ്. ഓഫീസറായ ശ്രീ. ജിജി തോംസണ് ഈ കേസുമായി ബന്ധപ്പെട്ട് പ്രൊമോഷനും സർവ്വീസ് ആനുകൂല്യങ്ങളും തടഞ്ഞിരിക്കുന്നു എന്നത് അടിസ്ഥാനരഹിതമാണ്. ഡറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആണ് ഇവിടെ കേസുകൾ നടത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ. 23-ാം പ്രതിയായ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഈ വിഷയത്തിലുള്ള പങ്കിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിട്ടും ധനകാര്യ വകുപ്പിനെക്കുറിച്ച് മാത്രമാണ് അന്വേഷണം നടത്തിയിരിക്കുന്നത്. ഈ കേസിൽ ഒരുതരത്തിലും ഇടപെടില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ചീഫ് വിപ്പിനെ ഉപയോഗപ്പെടുത്തി ജഡ്ജിക്കെതിരെ ആക്ഷേപം ഉന്നയിച്ച് അധികാരം ദുർവിനിയോഗം ചെയ്തിരിക്കുകയാണ്. 5-ാം പ്രതിയുമായി രണ്ട് തവണ ഡൽഹിയിൽ വച്ച് മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായി. കേസ് നടത്തുന്നതിന് മുഖ്യമന്ത്രി എ.ജി.യെ ചുമതലപ്പെടുത്തണമായിരുന്നു. ക്രിമിനൽ കേസ് കൈകാര്യം ചെയ്തിട്ടില്ലാത്ത വക്കീലിനെ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചും ഗൂഢാലോചന നടത്തിയും കേസ് അട്ടിമറിക്കാൻ നടത്തുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : വക്കീലൻമാരേയും ജഡ്ജിമാരേയും ഐ.എ.എസ്. ഉദ്യോഗ സ്ഥരേയും കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാണ്. കേസ് സംബന്ധിച്ച കാര്യങ്ങളിൽ കോടതി ക്കാണ് പരമാധികാരം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നിയമസഭാ സമിതിയുടെ പരിഗണന യിലിരിക്കുന്ന ഒരു കേസ് സംബന്ധിച്ച് സഭയിൽ പരാമർശിക്കാൻ പാടില്ലെന്ന നിലപാട് പ്രതിപക്ഷം സ്വീകരിക്കുകയും അതിന്മേൽ ബഹുമാന പ്പെട്ട സ്പീക്കർ റൂളിംഗ് നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ കേസിനെക്കുറിച്ച് അടിയന്തരപ്രമേയവുമായി വന്നിരിക്കുന്നത് ശരിയല്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ക്രമപ്രശ്നം**

**കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നത് സംബന്ധിച്ച്**

ശ്രീ. വി.ഡി. സതീശൻ : ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന പാമോലിൻ കേസിൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന അഭിഭാഷകൻ

എങ്ങനെ സംസാരിക്കണമെന്ന് നിശ്ചയിക്കാനുള്ള അധികാരം നിയമസഭ യ്ക്കില്ല. ഈ വിഷയം ഇവിടെ ചർച്ച ചെയ്തതുതന്നെ ക്രമരഹിതമാണ്. റൂൾസ് ഓഫ് പ്രൊസീഡ്യൂറിന് വിരുദ്ധമായ കാര്യം ചർച്ച ചെയ്തത് ഓർഡറി ലാണോയെന്ന് വ്യക്തമാക്കണം.

റൂളിംഗ്

മി. സ്പീക്കർ : കഴിഞ്ഞ ദിവസം ഈ വിഷയത്തിന് സമാനമായ വിഷയം അവതരണാനുമതിക്ക് വന്നപ്പോൾ ഇത് സബ്ജുഡിസാണെന്ന് ചെയർ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഇത് അടിയന്തരപ്രമേയാവതരണത്തി നുള്ള അനുമതി തേടിയതാണ്. അത് ആകാവുന്നതാണ്.

ശ്രദ്ധക്ഷണിക്കൽ

(1) കാഷ്യൂ ബോർഡ് രൂപീകരണം

ശ്രീ. എ.എ. അസീസ് : തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് പ്ലാന്റേഷൻ വ്യാപകമാക്കാനും വ്യവസായത്തിന്റ നവീകരണ ത്തിനുംവേണ്ടി കൊല്ലം ജില്ല കേന്ദ്രമാക്കി കാഷ്യൂ ബോർഡ് രൂപീകരി ക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽതന്നെ കാഷ്യൂ ബോർഡ് രൂപീകരണം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ ഡൽഹിയിൽപോയ അവസരത്തിൽ കേന്ദ്ര ഗവൺമെന്റ് മുമ്പാകെ കാഷ്യൂ ബോർഡ് രൂപീകരണം സംബന്ധിച്ച നിവേദനം സമർപ്പിക്കുകയും വിശദമായ ചർച്ചനടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അനുകൂല മറുപടിയാണ് ലഭിച്ചിട്ടുള്ളത്. കാഷ്യൂ ബോർഡ് രൂപീകരിക്കേണ്ടതിന്റെ

അനിവാര്യത കണക്കിലെടുത്ത് ഗവൺമെന്റ് അതിനുവേണ്ട പരിശ്രമം തുടരുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് പ്ലാനിംഗ് കമ്മീഷന്റെ അനുമതികൂടി ലഭ്യമായ സാഹചര്യത്തിൽ ബന്ധപ്പെട്ട കേന്ദ്ര വകുപ്പുമന്ത്രിമാരുടെ ഫോർമൽ ഡിസിഷൻ മാത്രമാണ് ഉണ്ടാകേണ്ടത്. മുന്തിയ പരിഗണന നൽകി കാഷ്യൂ ബോർഡ് രൂപീകരണം സാധ്യമാക്കുന്നതാണ്.

## (2) ക്യാൻസർ ചികിത്സാ സൗകര്യം

ശ്രീ. കെ. ശിവദാസൻ നായർ : ഓരോ വർഷവും ദശലക്ഷക്കണക്കിന് മനുഷ്യജീവനാണ് ക്യാൻസർ രോഗത്തിന് അടിമപ്പെട്ട് മരണത്തിന് കീഴടങ്ങുന്നത്. മെഡിക്കൽ കോളേജുകളിൽ ക്യാൻസർ രോഗത്തിന് ആധുനിക ചികിത്സാ സംവിധാനം ഏർപ്പെടുത്തണം. പഴകിത്തുരുമ്പിച്ച ഉപകരണങ്ങൾ മാറ്റിസ്ഥാപിക്കാനും ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനും നടപടിയുണ്ടാകണം. കേരളത്തിലെ മുഴുവൻ ക്യാൻസർ രോഗികളും നിലവിൽ തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സ തേടേണ്ട സ്ഥിതിയാണുള്ളത്. ആരോഗ്യ വകുപ്പിലെ ഓങ്കോളജിസ്റ്റ്, പത്തോളജിസ്റ്റ്, സൈക്കോ ടെക്നോളജിസ്റ്റ്, സൈക്കോ ടെക്നീഷ്യൻ തസ്തികകളിലെ ഒഴിവുകൾ നികത്തണം. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ക്യാൻസർ മരുന്നുകൾ വിലകുറച്ച് ലഭ്യമാക്കാനും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഒരു സ്റ്റോക്കിസ്റ്റായി കൺവെർട്ട് ചെയ്യാനും നടപടി സ്വീകരിക്കണം. ആറന്മുള നിയോജകമണ്ഡലത്തിൽ കോഴഞ്ചേരിയിലെ ഡിസ്ട്രിക്ട് ക്യാൻസർ സെന്ററിൽ സ്ഥിരമായി ഒരു ഓങ്കോളജിസ്റ്റിനെ

നിയമിക്കുകയും ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പണം അനുവദിക്കുകയും ചെയ്യണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലേയും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലേയും ആധുനിക ചികിത്സാ സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലുമുള്ള ക്യാൻസർ രോഗികൾക്ക് ലഭിച്ചു വരുന്നുണ്ട്. ജില്ലകളിൽ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടന്നുവരുന്നുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ അർബുദ ചികിത്സയുമായി ബന്ധപ്പെട്ട പരിപാടികൾക്കായി 70 ലക്ഷം രൂപയും സാന്ത്വന ചികിത്സാ പദ്ധതിയുടെ ഭാഗമായി അർബുദ നിർണ്ണയ ക്യാമ്പുകൾക്കായി 7,28,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഒരു ജില്ലയിലെ രണ്ട് സി.എച്ച്.സി. കളിൽ അർബുദനിർണ്ണയത്തിനായി 84,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവവഴി ഹോം കെയർ അടക്കമുള്ള സാന്ത്വന ചികിത്സാ സൗകര്യങ്ങൾ നടന്നുവരുന്നു. എറണാകുളം ജില്ലാ ആശുപത്രിയുടെ കീമോതെറാപ്പി യൂണിറ്റ് ആധുനികവൽക്കരിക്കുന്നതിന് 70 ലക്ഷം രൂപയും താലൂക്ക് ആശുപത്രികളിൽ ക്യാമ്പുകൾ സംഘടിപ്പിക്കാനായി ഒരുലക്ഷം രൂപ വീതവും കൊല്ലം, പാലക്കാട് ജില്ലാ ആശുപത്രികളിലെ ക്യാൻസർ ക്ലിനിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 6 ലക്ഷം രൂപയും ചെലവഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ സർക്കാർ ആശുപത്രികളിൽ

ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. പൊതു വിപണി യിലേതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് റീജിയണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും മരുന്നുകൾ ലഭ്യമാകുന്നുണ്ട്. സർക്കാർ ആശുപത്രികളിൽ ബി.പി.എൽ. വിഭാഗത്തിലുള്ള രോഗികൾക്ക് സൗജന്യചികിത്സ നൽകുന്നു. വില കൂടിയ ക്യാൻസർ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി നേരിട്ട് സംഭരിച്ച് മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്ന താണ്. മെഡിക്കൽ കോളേജുകളിലെ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തു ന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. പി.ജി. കഴിഞ്ഞുവരുന്ന ഡോക്ടർമാരുടെ ലഭ്യതയനുസരിച്ച് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിൽ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. അവിടെ ക്യാൻസർ ചികിത്സയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കു ന്നതാണ്.

## സബ്മിഷൻ

### (1) വാളകം ആർ.വി.എച്ച്.എസ്.എസ്.-ലെ അധ്യാപകനുനേരെയുണ്ടായ ആക്രമണം

ശ്രീമതി പി. അയിഷാ പോറ്റി: വാളകം ആർ.വി.എച്ച്.എസ്.എസ്.-ലെ അധ്യാപകൻ കൃഷ്ണകുമാറിനെ ഒരു സംഘം അക്രമികൾ പൈശാചികമായി ആക്രമിച്ച് വാളകം ജംഗ്ഷനിൽ ഉപേക്ഷിച്ച സംഭവത്തിൽ ഒരു പ്രത്യേക ഏജൻസിയെ നിയോഗിച്ച് സത്യസന്ധമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ഇന്നലെത്തന്നെ ഈ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്താൻ ഉന്നത ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വളരെ പൈശാചികമായിട്ടുള്ള ആക്രമണത്തിനുപിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. ആക്രമിക്കപ്പെട്ട അദ്ധ്യാപകന് വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടു വരുന്നതിന് സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. ഡിവൈ.എസ്.പി. ഇന്നലെത്തന്നെ കേസന്വേഷണം ഏറ്റെടുക്കുകയും എസ്.പി. നേരിട്ട് മോണിറ്റർ ചെയ്യുകയും സീനിയർ ഉദ്യോഗസ്ഥരോട് സംഭവസ്ഥലത്തേക്ക് പോകണമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. . സമഗ്രമായ അന്വേഷണം നടത്തുന്നതിന് എല്ലാ ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രസ്തുത വിഷയം വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യണം.

മുഖ്യമന്ത്രി ( ശ്രീ. ഉമ്മൻ ചാണ്ടി): സംഭവത്തിന്റെ രൂക്ഷമായ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്. കേസന്വേഷണം പുരോഗമിച്ചുവരികയാണ്. ഈ സംഭവത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടു വരാൻ ആവശ്യമായ നടപടി സ്വീകരിക്കും.

## (2) പെൻഷൻ ഏകീകരണം

ശ്രീ. പി.സി. വിഷ്ണുനാഥ്: പെൻഷൻ പ്രായം വർദ്ധിപ്പിക്കാതെ സംസ്ഥാന ജീവനക്കാരുടെ പെൻഷൻ ഏകീകരണത്തിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഈ വിഷയത്തെക്കുറിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ചചെയ്യുന്നതിന് ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ രൂപീകരിച്ച സബ്കമ്മിറ്റി മുമ്പാകെ എല്ലാ സർവ്വീസ് സംഘടനകളുടെയും പ്രതിനിധികൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പ ക്കാരെ വിശ്വാസത്തിലെടുത്തുമാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളുകയുള്ളൂ. പെൻഷൻ തീയതി ഏകീകരണവുമായി ബന്ധപ്പെട്ട് ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ റദ്ദാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ശ്രമിക്കുന്നതാണ്.

### (3) തോപ്പുംപടി ഫിഷറീസ് ഹാർബറിലെ പ്രശ്നങ്ങൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള തോപ്പുംപടി ഫിഷറീസ് ഹാർബറിൽ ഫിഷിംഗ് ബോട്ട് അടുപ്പിക്കാനും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-09-2011-ൽ നടന്ന ചർച്ചയിൽ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതിനാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാന്റെ നേതൃത്വത്തിൽ കൂടുന്ന യോഗത്തിൽ പരിഹാരമുണ്ടാ യില്ലെങ്കിൽ സർക്കാർ നേരിട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

### (4) മലബാർ സിമെന്റ്സ് കേസുകൾ സി.ബി.ഐ.യ്ക്ക് വിടണമെന്ന ആവശ്യം

ശ്രീ. എം. ചന്ദ്രൻ: മലബാർ സിമെന്റ്സിൽ നടന്ന കോടിക്കണക്കിന് രൂപയുടെ അഴിമതി സംബന്ധിച്ച കേസ് സി.ബി.ഐ.യെ കൊണ്ട് അന്വേഷിപ്പിക്കാനും കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രന്റേയും മക്കളുടേയും കൊലപാതകം സംബന്ധിച്ച അന്വേഷണം വേഗത്തിലാക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): മലബാർ സിമെന്റ്സിലെ അഴിമതി സംബന്ധിച്ച 5 കേസ്സുകളിൽ 4 എണ്ണത്തിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കുറ്റപത്രം സമർപ്പിക്കുകയും ഒരെണ്ണത്തിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത കേസ്സുകൾ സി.ബി.ഐ.ക്ക് വിടേണ്ട ആവശ്യമില്ല. മലബാർ സിമെന്റ്സിലെ മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രനും കുട്ടികളും മരണപ്പെട്ട കേസ് സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

### (5) വെട്ടുകല്ല് ക്വാറികൾക്ക് ലൈസൻസ്

ശ്രീ. വി.ടി. ബൽറാം: ദീർഘകാലമായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന തൃത്താലയിലെ വെട്ടുകല്ല്, കരിങ്കല്ല് ക്വാറികൾക്ക് നിശ്ചിത കാലയളവിനുള്ളിൽ ലൈസൻസ് ലഭ്യമാക്കി വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് നിർമ്മാണരംഗത്തെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനും മൈനിംഗ് ആന്റ് ജിയോളജി സംബന്ധിച്ച വിഷയങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തി തൊഴിൽസംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): അനധികൃത ക്വാറികൾ തങ്ങളുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തൃത്താലയിലെ ചെങ്കൽ ക്വാറികളുടെ പ്രവർത്തനം നിറുത്തിവച്ചിട്ടുള്ളത്. ചെങ്കൽ ക്വാറികൾക്ക് ലൈസൻസ് നൽകുന്നത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പും ഭൂമിയുടെ വിവരങ്ങളും സ്കെച്ചും നൽകുന്നത് റവന്യൂ വകുപ്പുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കാലാനുസൃതമായ പ്രവർത്തനാനുമതിയും ജിയോളജിക്കൽ വകുപ്പിന്റേയും സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റേയും പ്രവർത്തനാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ക്വാറികൾക്ക് പ്രവർത്തിക്കാവുന്നതാണ്. ക്വാറികളുടെ പ്രവർത്തനത്തെ സംബന്ധിച്ചും നിർമ്മാണ രംഗത്തെ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനുമായി ഉന്നതതല ഉദ്യോഗസ്ഥ യോഗം കൂടി തീരുമാനമെടുത്തിട്ടുണ്ട്.

## (6) റിവർ മാനേജ്മെന്റ് ഫണ്ട്

ശ്രീമതി കെ. കെ. ലതിക: റിവർ മാനേജ്മെന്റ് ഫണ്ട് യഥാസമയം വിനിയോഗിച്ച് നദികളുടേയും നദീതടങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കടവുകളുടെ പ്രവർത്തനത്തിനും നദീതീര വികസന പദ്ധതിക്കുമാണ് റിവർ മാനേജുമെന്റ് ഫണ്ട് വിനിയോഗിക്കുന്നത്. മണൽ വിൽപനയിൽ നിന്നും

ലഭിക്കുന്ന തുകയുടെ 50 ശതമാനം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് നൽകണമെന്നുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ അടങ്ങിയ രേഖ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതാണ്. നദികൾക്ക് നാശമുണ്ടാകാത്ത വിധത്തിൽ മണൽക്ഷാമത്തിന് പരിഹാരം കാണുന്നതിന് വിദഗ്ദ്ധരുമായി ആലോചിക്കുന്നതാണ്.

(7) ഇ.എഫ്.എൽ. നിയമം

ശ്രീ. റോഷി അഗസ്റ്റിൻ: ഇ.എഫ്.എൽ. നിയമത്തിന്റെ പേരിൽ ഇടുക്കി ജില്ലയിലെ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ആശങ്കയും പരിഹരി ക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): ഇടുക്കി ജില്ലയിൽ ഇ.എഫ്.എൽ. ആക്ടിലെ സെക്ഷൻ 3(1) പ്രകാരം 6 ഗസറ്റ് വിജ്ഞാപനങ്ങളിലായി 1255.55 ഹെക്ടർ പരിസ്ഥിതി ദുർബല പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിലൂടെ ചെറുകിട കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ 2009-ൽ ഈ നിയമം ഭേദഗതി ചെയ്തു. അത് പ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാൻ ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. മുഖ്യമന്ത്രി യുടെ നേതൃത്വത്തിൽ യോഗം വിളിച്ച് ചർച്ച ചെയ്യുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വനസംരക്ഷണ നടപടികൾ സ്വീകരിക്കുമ്പോൾ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകരുതെന്നതാണ് സഭയുടെ പൊതുവികാരം. ഇടുക്കി ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കു ന്നതിനായി കൂടുന്ന കോൺഫറൻസിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുന്ന താണ്.

### (8) ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾക്ക് എൻ.ഒ.സി.

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ ചൊവ്വൂർ ദേശത്ത് ഫർണീച്ചർ നിർമ്മാണ വ്യവസായി കൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ലഭിക്കുന്നതിന് വനംവകുപ്പിന്റെ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): 2002-നുമുമ്പ് പ്രവർത്തനം ആരംഭിച്ചതും മതിയായ രേഖ ഹാജരാക്കിയതുമായ 5 തടിമില്ലുകൾക്ക് എൻ.ഒ.സി. അനുവദിക്കുകയു ണ്ടായി. വാർഷിക പരിശോധനാ ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ചേർപ്പ് നിയോജകമണ്ഡലത്തിലെ 7 മില്ലുകൾക്ക് എൻ.ഒ.സി. അനുവദിക്കുന്നതാണ്.

### (9) കാസർഗോഡ് നഗരത്തിലെ കുടിവെള്ള പ്രശ്നം

ശ്രീ. എൻ.എ.നെല്ലിക്കുന്ന് : കാസർഗോഡ് നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 85 ലക്ഷം രൂപയുടെ രണ്ട് പമ്പ് സെറ്റുകൾ വാങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കാസർഗോഡ് മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുംകൂടി 26 എം.എൽ.ഡി.ജലം ആവശ്യമുള്ളതിൽ 8 എം.എൽ.ഡി. ജലം മാത്രമാണ് ഇപ്പോൾ നൽകിക്കൊ ണ്ടിരിക്കുന്നത്. ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസമുണ്ടാകുമെന്നതിനാൽ ഒരു താൽക്കാലിക പരിഹാരം എന്ന നിലയിൽ ബാവിക്കര പമ്പ്ഹൗസിൽ 250 എച്ച്.പി.യുടെ രണ്ട് പമ്പ് സെറ്റുകളും വിദ്യാനഗറിൽ 30 എച്ച്.പി.യുടെ പമ്പ്സെറ്റും 100 കെ.വി.

ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിന് 93.15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അടിയന്തര അനുമതി കൊടുക്കുന്നതാണ്.

### (10) കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേ സഞ്ചാരയോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് കെ.എസ്.ടി.പി.യുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്ക് ലോക ബാങ്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത റോഡിൽ പാച്ച്വർക്കുകളും അടിയന്തിര അറ്റകുറ്റപണികളും പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം ചെയ്തുവരുന്നുണ്ട്. ഈ വർഷം 586 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### (11) പ്രതിരോധ-ശുചീകരണ പ്രവർത്തനങ്ങൾ

ശ്രീ. ജി. സുധാകരൻ : ആലപ്പുഴ ജില്ലയിലെ ആരോഗ്യമേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങളുടെയും ശുചീകരണ പ്രവർത്തനങ്ങളുടേയും അപര്യാപ്തതമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനും പി.ജി.കോഴ്സ് അനുവദിക്കുന്നതിനും മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നിരുത്തരവാദപരമായ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെയും മറ്റും നിരുത്തരവാദപരമായ

പ്രവർത്തനങ്ങൾമൂലം ഉളവായിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും ജനറൽ ഹോസ്പിറ്റലിലെ പോരായ്മകളെ സംബന്ധിച്ചും കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

**2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും വില്പന നികുതിയും (71,04,41,000 രൂപ)

ധനാഭ്യർത്ഥന നമ്പർ- XXI- ഭവന നിർമ്മാണം (271,59,55,000 രൂപ)

റവന്യൂവകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

ധനാഭ്യർത്ഥന നമ്പർ VI - ഭൂ നികുതി (140,41,94,000 രൂപ.)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും
(143,63,77,000 രൂപ.)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാ ശ്വാസം (143,02,84,000 രൂപ.)

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V- ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂ നികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥ നയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥ നയേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ സി. കെ. സദാശിവൻ, സാജു പോൾ, എസ്. ശർമ്മ, കെ.വി. അബ്ദുൾ ഖാദർ, ബാബു എം. പാലിശ്ശേരി, എം. എ. ബേബി, എ.കെ. ബാലൻ, എം. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ജയിംസ് മാത്യു, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ.കെ. നാരായണൻ, എ. പ്രദീപ് കുമാർ, പുരുഷൻ കടലുണ്ടി, കെ. രാധാകൃഷ്ണൻ, പി.ടി.എ. റഹീം, എസ്. രാജേന്ദ്രൻ, രാജു എബ്രഹാം, വി. ശിവൻകുട്ടി, കെ.വി. വിജയദാസ്, ആർ. രാജേഷ്, എ.എ. അസീസ്, ഇ. ചന്ദ്രശേഖരൻ, മുല്ലക്കര രത്നാകരൻ, ഇ. കെ. വിജയൻ, പി.

തിലോത്തമൻ, കെ. അജിത്, വി. ശശി, ജി.എസ്. ജയലാൽ, ചിറ്റയം ഗോപകുമാർ, ജി. സുധാകരൻ, ബി. ഡി. ദേവസ്സി, കെ. കെ. ജയചന്ദ്രൻ, സി. കൃഷ്ണൻ, ബി. സത്യൻ, എളമരം കരീം, ഡോ. കെ.ടി. ജലീൽ, ഡോ. ടി. എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, എ. എം. ആരിഫ്, ആർ. സെൽവരാജ്, ശ്രീമതിമാർ കെ. എസ്. സലീഖ, പി. അയിഷാ പോറ്റി, കെ. കെ. ലതിക, ഗീതാ ഗോപി, ഇ. എസ്. ബിജിമോൾ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സാജുപോൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മണൽ കടത്ത് തടയുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കാനും മട്ടിമണലിന്റെ ഉല്പാദനവും വിതരണവും തടയാനും മണൽ സംഭരണ കേന്ദ്രങ്ങൾ പരിശോധിക്കാനും നടപടിയുണ്ടാകണം. 40 വർഷമായി പൂർത്തിയാകാത്ത റീസർവ്വേ നടപടികളും ഭൂമി കേരളം പദ്ധതിയും പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ കൂടി പട്ടയ വിതരണം ത്വരിതപ്പെടുത്തണം. വികസനാവശ്യത്തിന് സ്ഥലം ഏറ്റെടുക്കുകയും അതോടൊപ്പം നെൽവയലുകൾ സംരക്ഷിക്കുകയും ചെയ്യണം. ഭൂനികുതിയും പാട്ടത്തുകയും വർദ്ധിപ്പിക്കുന്നതിനും വർദ്ധനവിലൂടെ ലഭ്യമാകുന്ന അധിക വരുമാനം റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവഴിക്കാനും നടപടിയുണ്ടാകണം. താലൂക്ക് വികസന സമിതികൾ യോഗം കൂടാൻ നടപടി സ്വീകരിക്കണം. ഈ സർക്കാർ ഇ.എം.എസ്. ലക്ഷംവീട് പദ്ധതിയെ തകർത്തു. 15 വർഷങ്ങൾക്കു മുമ്പ് തറക്കല്ലിട്ട ശബരി പാതയുടെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടില്ല. കാർഷിക ഭൂപരിഷ്ക്കരണം നടപ്പിലാക്കുന്നില്ല. പരസ്യ

ങ്ങൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന സർക്കാരിന് നൂറുദിന പരിപാടികൾക്കുവേണ്ടി ഒരു രൂപപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മൂലമ്പിള്ളിയിൽ 40 മാസങ്ങളായി സമരം ചെയ്തുകൊണ്ടിരുന്ന 326 കുടുംബങ്ങൾക്കുവേണ്ടി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് സമയബന്ധിതമായി നടപ്പിലാക്കാൻ തീരുമാനമെടുത്ത ഗവൺമെന്റാണിത്. വികസനാവശ്യത്തിനായി സ്ഥലമേറ്റെടുക്കേണ്ടി വരുമ്പോൾ ഒഴിപ്പിക്കപ്പെടുന്നവർക്കുകൂടി സ്വീകാര്യമായ നിലപാട് സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ആദിവാസികളുടെയും പട്ടികവിഭാഗങ്ങളുടെയും ഭൂമി തട്ടിയെടുക്കാനുള്ള ശ്രമം തടയാനും 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമം കാലോചിതമായി പരിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. ദുരന്ത നിവാരണ അതോറിറ്റി ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട ജീവനക്കാർക്കാവശ്യമായ പരിശീലനവും ആധുനിക ഉപകരണങ്ങളും നൽകണം. ഒരു വർഷത്തെ കർമ്മ പരിപാടി പ്രഖ്യാപിക്കുന്ന കൂട്ടത്തിൽ എല്ലാ ജില്ലകളിലും ദുരന്ത നിവാരണ അതോറിറ്റിക്ക് മുഖ്യ പ്രാധാന്യം നൽകണം. നടപ്പാലങ്ങൾ അടിയന്തിരമായി പണിയാൻ നടപടി സ്വീകരിക്കണം. വലിയ താലൂക്കുകൾ വിഭജിക്കാനും വില്ലേജുകൾ ശാസ്ത്രീയമായി പുനസ്സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം. റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ ജനങ്ങൾക്കുവേണ്ടി നിശ്ചയിക്കപ്പെട്ട സേവനങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കണം. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനുള്ള നിയമം കർശനമായും നടപ്പിലാക്കണം.

<u>ശ്രീ. പി.കെ. ബഷീർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ മൂന്നാറിലെ അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. പുറമ്പോക്ക് ഭൂമിയിൽപ്പെട്ട മൂന്നോ നാലോ സെന്റ് സ്ഥലത്ത് വീട് വച്ച് താമസിക്കുന്ന സാധാരണക്കാരായവരിൽനിന്നും നികുതി ഈടാക്കാത്തതുകൊണ്ട് അവർക്ക് ലോണെടുക്കാനോ സ്ഥലം വിൽക്കാനോ കഴിയാത്ത അവസ്ഥയാണുള്ളത്. റിവർ മാനേജ്മെന്റ് കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനും പഞ്ചായത്തുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകാനും ആർ.എം. എഫ്.-ൽ പണം അടയ്ക്കുന്ന പഞ്ചായത്തുകൾക്ക് അർഹമായ വിഹിതം നൽകാനും നടപടിയുണ്ടാകണം. മണൽ മാഫിയകളെ നിയന്ത്രിക്കാനും മണൽ വാരലിൽ ഏർപ്പെടുത്തിയിരിക്കുന്ന കടുത്ത നിയന്ത്രണം എടുത്തുകളയാനും സാധിക്കണം. പിടിക്കപ്പെടുന്ന മണൽ വണ്ടികൾ ലേലം ചെയ്ത് ലഭിക്കുന്ന പണം സർക്കാർ ഖജനാവിലേക്ക് വരവ് വയ്ക്കാൻ കഴിയണം. ഭൂമിയുടെ ഫെയർ വാല്യു നിശ്ചയിച്ചതിലുള്ള അപാകതകൾ പരിഹരിക്കണം. കൃഷിക്ക് അനുയോജ്യമല്ലാത്ത വിസ്തൃതി കുറഞ്ഞ പാടത്ത് വീട് വയ്ക്കുന്ന പാവപ്പെട്ടവർക്ക് വീട്ടുനമ്പർ നൽകാത്ത അവസ്ഥ പരിശോധിക്കപ്പെടണം. **1996-98** കാലയളവിൽ നടപ്പിലാക്കിയ മൈത്രീ ഭവന പദ്ധതിയിൻ കീഴിൽ പഞ്ചായത്തുകൾ നിക്ഷേപിച്ച പണം തിരിച്ചുനൽകാൻ നടപടിയുണ്ടാകണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂമാഫിയകൾക്ക് വളരാനുള്ള അവസരം നൽകുന്ന സമീപനങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. **2001-2006** കാലഘട്ടത്തിൽ അധികാരത്തിലിരുന്ന

യു.ഡി.എഫ്. ഗവൺമെന്റ് പട്ടയം കൊടുക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ട് ലക്ഷത്തിലധികം ആളുകൾക്ക് പട്ടയം നൽകുകയും സുനാമി ദുരിതബാധി തർക്ക് വീടുകൾ നിർമ്മിച്ചുനൽകുകയും മറ്റ് സഹായകരമായ നിലപാടുകൾ സ്വീകരിക്കുകയുമുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ട ത്തിൽത്തന്നെ നടപടികൾ പൂർത്തിയാക്കിയതും തെരഞ്ഞെടുപ്പ് വിജ്ഞാ പനം പുറപ്പെടുവിച്ചതിനാൽ വിതരണം ചെയ്യാൻ സാധിക്കാതെ പോയതുമായ പട്ടയ വിതരണമാണ് ഈ ഗവൺമെന്റിന്റെ 100 ദിനകർമ്മ പരിപാടിയിൽപ്പെ ടുത്തി നൽകിയിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ പുന:സംഘടിപ്പിക്കുകയോ നിലവിലുണ്ടായിരുന്ന കമ്മിറ്റികൾ യോഗം ചേരുകയോ ചെയ്തിട്ടില്ല. അർഹതപ്പെട്ടവർക്ക് മാത്രം പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പണം അനുവദി ക്കുമ്പോൾ അത് ചെലവഴിക്കുന്നതിനുള്ള സമയപരിധികൂടി നിശ്ചയിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ചികിത്സാ ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ആദിവാസികൾക്കുള്ള ഭൂമി വിതരണം ചെയ്യുന്നതിലും ഈ ഗവൺമെന്റ് അലംഭാവം കാണിക്കുക യാണ്.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കു ന്നു. സർക്കാരുകൾ മാറിമാറി വന്നിട്ടും 01-01-1977-ന് മുമ്പ് കുടിയേറിയ വർക്കുള്ള പട്ടയം പോലും ഇതുവരെ പൂർണ്ണമായും കൊടുക്കാൻ കഴിഞ്ഞിട്ടി ല്ല. ഭരണത്തിലേറി മൂന്നുമാസത്തിനുള്ളിൽ ഇരുപതിനായിരത്തോളം പേർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞ ഈ ഗവൺമെന്റിന് അഞ്ച് വർഷംകൊണ്ട്

പട്ടയ വിതരണം പൂർത്തീകരിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ചെങ്ങറ എസ്റ്റേറ്റ് ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായവില നൽകാൻ നടപടി സ്വീകരിക്കണം. റവന്യൂ വകുപ്പിന്റെ പ്രവർത്ത നങ്ങളെ അഭിനന്ദിക്കുന്നു. കാർഷികമേഖലയ്ക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച മഹത്തായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വർത്തമാനകാല സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ തിരിച്ചറിയാതെ ശാസ്ത്രീയമല്ലാത്തതും യുക്തിരഹിതവുമായ ബഡ്ജറ്റിംഗ് നയങ്ങളും നിർവ്വഹണ രീതിയുമാണ് യു.ഡി.എഫ്. പിന്തുടരുന്നത്. ബഡ്ജറ്റിൽ 365 ദിവസത്തേക്ക് നീക്കിവച്ചതിന് ആനുപാതികമായിട്ടല്ല നൂറ് ദിവസത്തെ പരിപാടികൾക്ക് പണം ചെലവാക്കിയിട്ടുള്ളത്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ സാഹചര്യത്തിൽ താഴെത്തട്ടിൽനിന്ന് പദ്ധതി തയ്യാറാക്കി വരേണ്ടതിനുപകരം പദ്ധതിയുടെ കർമ്മ പരിപാടിയടക്കം തയ്യാറാക്കി താഴെ ത്തട്ടിലേക്ക് കൊടുക്കുന്നത് നടപ്പിലാക്കാൻ പ്രയാസമുണ്ടാക്കുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഇ.എം.എസ്. പാർപ്പിട പദ്ധതി ഈ ഗവൺമെന്റ് ഇല്ലാതാക്കിയിരിക്കുകയാണ്. അശാസ്ത്രീയ ഹ്രസ്വകാല പരിപാടികൾ നടപ്പാക്കുന്നതിൽനിന്നും പിന്തിരി ഞ്ഞ് ദീർഘകാല പരിപാടികൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽനി ന്നും ആരംഭംകുറിക്കണം. നവലിബറൽ നയത്തിന്റെ ഫലമായി സാമ്പത്തിക പ്രതിസന്ധിയും പണപ്പെരുപ്പവും രൂക്ഷമാകുകയാണ്. മരുന്ന്, വളം, പെട്രോൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയുടെ വില

കുതിച്ചുയരുന്നതുകാരണം ജനജീവിതം ദു:സഹമായിരിക്കുന്നു. അഴിമതി, കള്ളപ്പണം, ഊഹക്കച്ചവടം, തീവ്രവാദം, ഭീകരവാദം, തൊഴിലില്ലായ്മ എന്നിവ സംസ്ഥാനത്ത് വർദ്ധിക്കുന്നു. കാർഷിക-പാരിസ്ഥിതിക തകർച്ചയുണ്ടാക്കുകയും രോഗാതുരരായി കേരളജനത മാറുകയുംചെയ്യുന്നു. മാലിന്യനിർമ്മാർജ്ജനത്തിലൂടെമാത്രം രോഗങ്ങളെ തടയാൻ സാധിക്കുകയില്ല. പണപ്പെരുപ്പം കൂടുന്നതുകൊണ്ടും രൂപയുടെ മൂല്യം കുറഞ്ഞുവരുന്നതുകൊണ്ടും വാങ്ങൽശേഷി കുറയുകയാണ്. ചരിത്രത്തിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ടുവേണം ഭാവി ആസൂത്രണം ചെയ്യാൻ.

<u>ശ്രീ. വി.ടി. ബൽറാം.</u> ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. അടുത്ത മുപ്പതുവർഷത്തെ മുന്നിൽക്കണ്ടുകൊണ്ടുള്ള വികസനത്തിന് അടിത്തറ പാകുന്ന പ്രവർത്തനങ്ങളാണ് 100 ദിന കർമ്മ പരിപാടിയിലൂടെ കേരളത്തിൽ നടപ്പിലാക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ അതിവേഗമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതോടൊപ്പം സർക്കാർ മെഷിനറികൂടി കൃത്യമായി മുന്നോട്ടുകൊണ്ടുപോകണം. നികുതി ചോർച്ച തടയുന്ന കാര്യത്തിൽ കഴിഞ്ഞ സർക്കാർ വേണ്ടത്ര ജാഗ്രത കാണിച്ചിരുന്നെങ്കിൽ കേരള സമൂഹത്തിന് മികച്ച നേട്ടങ്ങളുണ്ടാക്കാൻ സാധിക്കുമായിരുന്നു. ചെക്ക്പോസ്റ്റുകളിലെ അഴിമതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. റീ-സർവേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരാതികൾക്ക് പരിഹാരം കാണണം. താലൂക്ക് പുനർനിർണ്ണയ കമ്മീഷനെ നിയമിച്ച് താലൂക്കുകൾ ശാസ്ത്രീയമായി പുന:സംഘടിപ്പിക്കണം. എസ്.സി./എസ്.ടി. വിഭാഗക്കാരുടെ ഭവനനിർമ്മാണ സഹായം ഒരു ലക്ഷം രൂപയിൽനിന്നും 2 ലക്ഷം രൂപയായി

ഉയർത്തിക്കൊണ്ടുള്ള തീരുമാനം ശ്ലാഘനീയമാണ്. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം പ്രഖ്യാപിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. റിവർ മാനേജ്മെന്റ് ഫണ്ട് യഥാസമയം വിനിയോഗിച്ച് നദികളേയും നദീതടങ്ങളേയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഭാരതപ്പുഴയുടെ നവീകരണത്തിനും ശുദ്ധീകരണത്തിനുമായി ഒരു സമഗ്ര സംരക്ഷണ പദ്ധതി നടപ്പാക്കണം. സംസ്ഥാനത്ത് വൻതോതിൽ പ്രകൃതി വിഭവങ്ങളുടെ ചൂഷണം നടക്കുന്ന സാഹചര്യത്തിൽ വലിയ വീടുകൾ നിർമ്മിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന ഒരു പോളിസി കൊണ്ടുവരുകയും 3000 സ്ക്വയർ ഫീറ്റുള്ള വീടിന്റെ ആഡംബര നികുതി 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണം. പ്രകൃതിക്ഷോഭംമൂലം നശിക്കുന്ന ഒരു ഹെക്ടർ നെൽകൃഷിക്ക് നൽകുന്ന നഷ്ടപരിഹാരം 30,000 രൂപയായും ഒരു കുലച്ച വാഴയ്ക്ക് നൽകുന്ന നിഷ്ടപരിഹാരം 250 രൂപയായും ഉയർത്തണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും പരിരക്ഷ നൽകുക എന്ന പ്രാഥമിക ചുമതല പൂർണ്ണമായി നിറവേറ്റാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ വികലമായ സാമ്പത്തിക നയത്തിന് അറുതി വരുത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ വീടില്ലാത്ത ദുർബ്ബലരായ ജനങ്ങളെ ലക്ഷ്യംവച്ചുകൊണ്ടാണ് സർക്കാർ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക് പരിഗണന നൽകുന്നത്. വർക്കിംഗ് ജേർണലിസ്റ്റുകൾക്കും പ്രവാസി

മലയാളികൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് രൂപം നൽകാനും മൈത്രീ ഭവന നിർമ്മാണ പദ്ധതിക്കും മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിക്കുമുള്ള തുക വർദ്ധിപ്പിക്കാനും മൈത്രീ ഭവന നിർമ്മാണ പദ്ധതി യുടെ വായ്പാത്തുക എഴുതിത്തള്ളാനും ഭവന നിർമ്മാണ നിയന്ത്രണ അതോറിറ്റി രൂപീകരിക്കാനും പൊതുമേഖലയിൽ ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിക്കാനും സാഫല്യം ഭവന നിർമാണ പദ്ധതിക്ക് രൂപം നൽകാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. വീട് നിർമ്മിക്കു ന്നുതിനുള്ള കമ്പിയും സിമെന്റും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭംമൂലം വീടുകൾ പൂർണ്ണമായും തകർന്നവർക്ക് 2 ലക്ഷം രൂപയും ഭാഗികമായി തകർന്നവർക്ക് ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നതിനും പ്രകൃതിക്ഷോഭംമൂലം തകർന്ന റോഡുകൾ നന്നാക്കുന്നതിനും ഡിസാസ്റ്റർ മാനേജുമെന്റിന് ഹെലികോപ്ടർ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് പുതിയ നയരേഖ ഉണ്ടാക്കുന്നതോടൊപ്പം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും വേണം. കോഴിക്കോട് താലൂക്ക് വിഭജനം യാഥാർത്ഥ്യമാക്കണം. ഖരമാലിന്യ സംസ്ക്കരണത്തിന് ട്രെഞ്ചിംഗ് ഗ്രൗണ്ടുകൾ സ്ഥാപിക്കണം.

<u>ശ്രീ. എം. ഹംസ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്. ഗവണ്മന്റിന്റെ വികസന പ്രവർത്തനങ്ങളെ സ്വന്തം നേട്ടങ്ങളാക്കി മാറ്റുക യാണ് 100 ദിന കർമ്മ പരിപാടിയിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്. എൽ. ഡി.എഫ്. ഗവണ്മെന്റിന്റെ ആദ്യത്തെ 100 ദിനപരിപാടിയുടെ ഭാഗമായി പരസ്യത്തിനായി ചെലവഴിച്ചത് മൂന്നുകോടി രൂപയാണെങ്കിൽ ഈ ഗവണ്മെന്റ്

ചെലവഴിച്ചിരിക്കുന്നത് 15 കോടി രൂപയാണ്. ശരിയായ സർവ്വേ നടത്തി മണൽകടവുകൾ അനുവദിക്കാനും മണൽ മാഫിയകളുടെ തട്ടിപ്പുകൾ അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. ഹെലികോപ്റ്റർ ഉൾപ്പെടെ യുള്ള സൗകര്യങ്ങൾ ലഭ്യമാക്കി ഡിസാസ്റ്റർ മാനേജുമെന്റ് കാര്യക്ഷമമാക്കണം. വികസനത്തിന്റെ ഭാഗമായുള്ള ലാന്റ് അക്വിസിഷൻ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കണം. സർവ്വേ മാന്വലിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി റീസർവ്വേ പൂർത്തിയാക്കണം. വില്ലേജ് ഓഫീസുകൾ നവീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുന്നതോടൊപ്പം വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ആധുനിക കാർഡ് നൽകുന്ന സിസ്റ്റം പ്രാവർത്തികമാക്കണം. വാളയാർ ചെക്ക് പോസ്റ്റിലെ അഴിമതി അവസാനി പ്പിക്കാൻ നടപടി സ്വീകരിക്കണം. പട്ടണങ്ങളിലെ ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കാൻ സമഗ്രറോഡ് നവീകരണ പദ്ധതി ആവിഷ്ക്ക രിച്ച് നടപ്പാക്കണം. ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. മൂലമ്പിള്ളി, ചെങ്ങറ സമരം ഒത്തു തീർപ്പാക്കിയത് പ്രശംസനീയമാണ്. സാഫല്യം ഭവന പദ്ധതി വഴി ഒന്നര ലക്ഷത്തോളം പുതിയ വീടുകൾ നിർമ്മിക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. നികുതി സമ്പ്രദായത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നത് വിപ്ലവകരമായ മാറ്റമാണ്. അതുവഴി ലഭിക്കുന്ന അധികനികുതി വരുമാനം പുതിയ വികസന പദ്ധതികൾക്കായി വിനിയോഗിക്കണം. ഫയർ ആന്റ്

റെസ്ക്യൂ സർവ്വീസ് കാലോചിതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കണം. അഴിമതിക്കെതിരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കാൻ തയ്യാറാകണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജില്ലാ ഭരണം മെച്ചപ്പെടുത്തുകയും വില്ലേജാഫീസുകൾ നവീകരിക്കുകയും വേണം. കോഴിക്കോട്, പാലക്കാട് ജില്ലകളിൽ അടിയന്തിരമായി കളക്ടർമാരെ നിയമിക്കണം. ഏറ്റവും കൂടുതൽ വില്ലേജുകളുള്ള കോഴിക്കോട് താലൂക്ക് വിഭജിക്കണം. പ്ലാന്റേഷൻ മേഖലയിൽ ടൂറിസത്തിന് ഭൂമി അനുവദിക്കാനുള്ള തീരുമാനം മൂലം ഭൂപരിഷ്ക്കരണ നിയമം അട്ടിമറിക്കപ്പെടും. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ പൂർത്തിയാക്കാത്തതിനാൽ റോഡുകളുടെ നവീകരണം തടസ്സപ്പെട്ടിരിക്കുന്നതിന് പരിഹാരം കാണണം. മിച്ചഭൂമി ഏറ്റെടുക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ചും ഇതുവരെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കണം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളം സ്ഥിതിചെയ്യുന്ന 65 സെന്റ് സ്ഥലം ഏറ്റെടുത്ത് പാർക്കിംഗിനും സുരക്ഷയ്ക്കുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ആരോപണങ്ങളും ആക്ഷേപങ്ങളും ഉണ്ടാകുമ്പോൾ നിയമപരമായും ധാർമ്മികമായും നേരിടുമെന്ന് പറയുന്നതല്ലാതെ അത് പ്രാവർത്തികമാക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. "അതിവേഗം ബഹുദൂരം" എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്നതായിരുന്നു സർക്കാരിന്റെ നൂറു ദിന കർമ്മപരിപാടി. തീരുമാനിക്കുന്ന കാര്യങ്ങൾ കാലതാമസം കൂടാതെ ചെയ്തുതീർക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതിനകം 13 ജില്ലകളിൽ പട്ടയ വിതരണ മേള സംഘടിപ്പിക്കാൻ

സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ നൂറുദിന കർമ്മ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി മൂലമ്പിള്ളി പാക്കേജ് പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞത് പ്രശംസനീയമാണ്. പൊതുജനങ്ങളുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾക്കും ചെങ്ങറ സമരത്തിനും ശാശ്വത പരിഹാരമുണ്ടാക്കാൻ സാധിച്ചു. അട്ടപ്പാടി ആദിവാസി ഭൂമിയിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് വരുമാനത്തിന്റെ വിഹിതം ആദിവാസികൾക്കുകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. മൂന്നാറിൽ 1500-ലധികം ഏക്കർ കയ്യേറ്റഭൂമി തിരിച്ചെടുത്ത് ലാന്റ് ബാങ്കിൽ ഉൾപ്പെടുത്താനും നിലവിലുള്ള കേസ്സുകൾ അടിയന്തിരമായി തീർപ്പാക്കി ഭൂമി തിരിച്ചെടുക്കാനും നടപടി സ്വീകരിച്ചു. രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ സംയുക്തമായി ഭൂമിയുടെ പോക്കുവരവ് ശാസ്ത്രീയമാക്കാൻ നടപടി സ്വീകരിച്ചു. പാലക്കാട്, കണ്ണൂർ ജില്ലകളെ ഇ-ഡിസ്ട്രിക്ട് ആയി പ്രഖ്യാപിക്കുകവഴി 16,000-ത്തോളം സർട്ടി ഫിക്കറ്റുകൾ ഇന്റർനെറ്റ് വഴി നൽകാൻ സാധിച്ചു. നിർമ്മാണ മേഖല നേരിടുന്ന മണൽ ക്ഷാമം പരിഹരിക്കുന്നതിന് കർണ്ണാടക, തമിഴ്നാട് ഗവൺമെന്റുകളുമായി സഹകരിച്ച് കുറഞ്ഞ വിലയ്ക്ക് ഓരോ ജില്ലയിലും മണൽ സ്വരൂപിച്ച് നൽകാനുള്ള നടപടി സ്വീകരിക്കണം. ഭൂമി സംബന്ധമായ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കണം. പ്രകൃതിക്ഷോഭം മുന്നിൽക്കണ്ട് ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. കെട്ടിക്കിടക്കുന്ന ഫയലുക ളിൻമേൽ തീരുമാനമെടുക്കാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കളക്ടറുടെ നേതൃത്വത്തിൽ എല്ലാ മാസവും അദാലത്ത് നടത്താനുമുള്ള സ്ഥിരം സംവിധാനമുണ്ടാക്കണം. റിവർ മാനേജ്മെന്റ് ഫണ്ട് നോംസ് അനുസരിച്ച് വിതരണം ചെയ്യണം.

<u>ശ്രീ. ജി.എസ്. ജയലാൽ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനകീയ പ്രശ്നങ്ങൾക്കുമുമ്പിൽ പകച്ചുനിൽക്കുന്ന ഗവൺമെന്റാണിത്. അതിവേഗം ബഹുദൂരം മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ നൂറുദിന കർമ്മ പരിപാടികൾ കേരള സമൂഹം വളരെ ആശങ്കയോടെയാണ് കാണുന്നത്. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ പരസ്യപ്പെടുത്തി സർക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണ്. മൂന്നാറിലെ ഒരിഞ്ച് കയ്യേറ്റ ഭൂമിപോലും തിരിച്ചുപിടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. മൂന്നാറിൽ രൂപീകരിച്ച ട്രിബ്യൂണൽ നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ട് അനുവദിക്കപ്പെട്ട റോഡുനിർമ്മാണ ത്തിന്റെ ബില്ലുകളുടെ കുടിശ്ശിക തീർക്കാൻ അടിയന്തര ഇടപെടൽ നടത്തണം. കഴിഞ്ഞ ഗവൺമെന്റ് അഞ്ച് വർഷംകൊണ്ട് രണ്ടര ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുകയും 23000-ലധികം പേർക്ക് വനാവകാശരേഖ നൽകുകയും ചെയ്തു. ഇടതുപക്ഷ സർക്കാർ നടപടികൾ പൂർത്തിയാക്കി വിതരണം ചെയ്യാൻ കഴിയാതിരുന്ന പട്ടയങ്ങളാണ് ഈ സർക്കാർ വിതരണം ചെയ്തിട്ടുള്ളത്. നൂറുദിന പരിപാടിയിൽ പ്രഖ്യാപിച്ച പട്ടയവിതരണം പൂർണ്ണ മായി നൽകാൻ കഴിഞ്ഞില്ല. ഭൂപരിഷ്ക്കരണ നിയമത്തെ അട്ടിമറിക്കാനുള്ള ശ്രമത്തിൽനിന്ന് സർക്കാർ പിന്തിരിയണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റ് പല പദ്ധതികളും ആരംഭിക്കുന്നുവെന്ന പ്രതീതിയു ണ്ടാക്കുക മാത്രമാണ് ചെയ്തത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര വീടുകൾ കൊടുത്തു എന്നുള്ളത് പരിശോധിക്കണം. സാധാരണക്കാരന് പ്രയോജനപ്രദമായ രീതിയിൽ ഇ.എം.എസ്. ഭവന പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കുകയോ പുതിയ പദ്ധതി കൊണ്ടു

വരികയോ ചെയ്യണം. ആറന്മുള നിയോജകമണ്ഡലത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എഞ്ചിനീയറിംഗ് കോളേജിന്റെ ലാന്റ് കൺവർഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനങ്ങൾക്ക് കൂടുതൽ വരുമാനം കിട്ടത്തക്കവണ്ണമുള്ള വകുപ്പുകൾ ചേർത്ത് ജി.എസ്.ടി. നിയമം പരിഷ്ക്കരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും വരുമാനത്തിനനുസരിച്ചുള്ള ടാക്സ് വേണ്ടെന്ന് വച്ചിട്ടും സംസ്ഥാനത്തിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായിരിക്കുന്നുവെന്നത് അഭിമാനകരമാണ്. നാനോ എക്സൽ തട്ടിപ്പുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ജനങ്ങൾക്ക് അറിയാനുള്ള അവസരമുണ്ടാക്കണം. കുറ്റക്കാരേയും അവരെ സംരക്ഷിച്ചവരേയും രക്ഷപ്പെടാൻ അനുവദിക്കരുത്. നാനോ എക്സൽ കേസിന്റെ അന്വേഷണം നിഷ്പക്ഷമായി നടത്താൻ കഴിയുന്നില്ലെന്ന് കാണിച്ച് എസ്.പി.ക്കും ഡോ. തോമസ് ഐസക് ഭീഷണിപ്പെടുത്തുന്നുവെന്ന് കാണിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയിലും അന്വേഷണ ഉദ്യാഗസ്ഥനായ ഡിവൈ.എസ്.പി. പരാതി കൊടുക്കുകയും കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലിരിക്കുകയുമാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി മൂലമ്പിള്ളി പാക്കേജ് നടപ്പിലാക്കിയെന്ന് കൊട്ടിഘോഷിക്കുന്നവർ അതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് നടത്തിയ പരിശ്രമങ്ങളും യഥാർത്ഥ വസ്തുതകളും തിരിച്ചറിയണം. ഈ ഗവൺമെന്റ് മൂന്നാറിൽ 1136 ഏക്കർ ഭൂമി ഏറ്റെടുത്തുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും 215 ഏക്കർ 60 സെന്റ്

മാത്രമാണ് ഏറ്റെടുത്തത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്ത സ്ഥലത്ത് ഈ ഗവൺമെന്റ് ഏറ്റെടുത്തതായി ബോർഡ് വയ്ക്കുകയും അനധികൃത കയ്യേറ്റം നടന്നിരിക്കുന്ന കാന്തല്ലൂർ, വട്ടവട പ്രദേശങ്ങളിലേക്ക് എത്തിനോക്കാൻ സാധിക്കാത്ത സ്ഥിതിയുമാണ് ഇന്നുള്ളത്. പട്ടയവും അവകാശവും ഉള്ള ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡുകൾ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട തിരിമറികൾ അന്വേഷിക്കണം. ഇ.എഫ്.എൽ. ആയി പ്രഖ്യാപിച്ച ഭൂമി സംബന്ധിച്ച ഭേദഗതി പരിശോധിച്ച് കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കണം. 1993-ലെ പ്രത്യേക ചട്ടപ്രകാരം പട്ടയങ്ങൾ ഉപാധിരഹിതമായി നൽകുന്നതിന് ആവശ്യമായ സീലുകൾ നൽകാൻ നടപടി സ്വീകരിക്കണം. നിജസ്ഥിതി സർട്ടിഫിക്കറ്റ് നൽകുന്നതിലെ അഴിമതി അവസാനിപ്പിക്കണം. 1955-ലെ കോളനൈസേഷൻ സ്കീം പ്രകാരം അർഹതപ്പെട്ട കൃഷിക്കാർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കണം. മൂന്നാർ കയ്യേറ്റ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രൂപീകരിച്ച ട്രൈബ്യൂണലിന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദീകരിക്കണം. ഉടുമ്പൻചോല താലൂക്കിലെ റീസർവ്വേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് എത്രയും പെട്ടെന്ന് പരിഹാരം കാണണം. വയനാട്ടിലെ കൃഷ്ണഗിരി വില്ലേജിലുള്ള ഭൂമി ക്രമരഹിതമായി മറിച്ചുവിറ്റതും ആദിവാസികളുടെ ഭൂമി തട്ടിയെടുത്തതും സംബന്ധിച്ച് സ്വീകരിച്ച നടപടി ഗവൺമെന്റ് വ്യക്തമാക്കണം.

**വ്യക്തിപരമായ വിശദീകരണം**

ഡോ. ടി.എം. തോമസ് ഐസക്: തൃശൂരിൽ വച്ച് ഒരു വ്യാപാരി സ്വന്തം ഉപയോഗത്തിനെന്നുപറഞ്ഞ് ലോറിയിൽ തടി കൊണ്ടുപോയത് സെയിൽസ് ടാക്സ് സ്ക്വാഡ് പിടിച്ചതിനെത്തുടർന്ന് ആ വണ്ടി വിടുന്ന

തിന് ചില സമ്മർദ്ദങ്ങളുണ്ടെന്ന് ബന്ധപ്പെട്ട ഡിവൈ.എസ്.പി. ഉൾപ്പെടെ അവിടത്തെ ജീവനക്കാർ അറിയിക്കുകയും നിയമവിരുദ്ധമാണെങ്കിൽ വിടേണ്ടതില്ലെന്ന് ഞാൻ കർശനമായി പറയുകയുമുണ്ടായി. പിറ്റേന്ന് ഒരു സംഘം ടി.വി. ചാനലുകാരോടൊപ്പം വന്ന് അവിടെയുള്ള അഞ്ച് ഓഫീസുകൾ റെയ്ഡ് ചെയ്യുകയും ചില നിസ്സാര കേസുകൾ കിട്ടിയത് പരിശോധിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് അദ്ദേഹം റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. ആ റിപ്പോർട്ടിൽ വരാതെ അവശേഷിച്ചത് ഈ ലോറി സംബന്ധിച്ച കേസ് മാത്രമാണ്. ഈ തടി വ്യാപാരത്തിന് കൊണ്ടുവന്നതല്ലാത്തതിനാലും നികുതിവെട്ടിപ്പിന്റെ പ്രശ്നം ഇല്ലാത്തതിനാലും ഫോം 16 സ്വീകരിച്ചുകൊണ്ട് വിടണമെന്ന് ഡിവൈ.എസ്.പി. പറഞ്ഞെങ്കിലും ജീവനക്കാർ ചെവിക്കൊണ്ടില്ലെന്നുമാത്രമല്ല, ആ സ്ക്വാഡിൽപ്പെട്ടവരെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ഉച്ചവരെ അവിടെ നിർത്തുകയും ചെയ്തു. അതേത്തുടർന്ന് നികുതി നിർണ്ണയിക്കേണ്ടത് പോലീസ് ഉദ്യോഗസ്ഥനല്ല, എന്റെ ഡിപ്പാർട്ടുമെന്റ് ഓഫീസിൽ കിടക്കുന്ന വണ്ടി പുറത്തുവിടാൻ പറയാൻ അദ്ദേഹത്തിന് അധികാരമില്ല, സർക്കാർ ജീവനക്കാരെ പിടിച്ച് ഉച്ചവരെ നിർത്തുന്നത് ശരിയല്ല, ഇതാവർത്തിക്കരുത് എന്ന് ഞാൻ ഫോണിലൂടെ പറയുകയുണ്ടായി. ഇതേത്തുടർന്ന് എനിക്കെതിരെ ഫോണിൽ ഭീഷണിപ്പെടുത്തലുകളുണ്ടായപ്പോൾ ഡി.ജി.പി.-ക്ക് റിട്ടൺ കംപ്ലെയിന്റ് കൊടുത്തതനുസരിച്ച് സൈബർ സെൽ ഫോൺകോളിന്റെ ഉറവിടം കണ്ടുപിടിക്കുകയും കോട്ടയം വിജിലൻസ് എസ്.പി.യെക്കൊണ്ട് അന്വേഷണം നടത്തുകയും ചെയ്തു. ആ റിപ്പോർട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ ഡിപ്പാർട്ടുമെന്റിലുണ്ട്. ഞാൻ ചെയ്തിട്ടുള്ള ഏക തെറ്റ്, അന്ന് മലബാർ സിമെന്റ്സിന്റെ കേസ് അന്വേഷിക്കുന്നതിനാൽ പ്രസ്തുത

അന്വേഷണം തീരുന്നതുവരെ ഡിവൈ.എസ്.പി.യെ സസ്പെൻഡ് ചെയ്യണ്ട എന്ന് ആഭ്യന്തര വകുപ്പുമന്ത്രിയോടു പറഞ്ഞതാണ്. ഇതുസംബന്ധിച്ച് തൃശ്ശൂർ വിജിലൻസ് കോടതിയിൽ ഒരു കേസ്സുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സർക്കാരിന്റെ വരുമാനം ഒരു പൈസ പോലും നഷ്ടപ്പെടാതെ നികുതി വരുമാനം സംരക്ഷിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ കാതലായ നയം. നികുതി ചോർച്ച തടയുന്നതിനായി 27-9 -2011 വരെ 3362 സ്ട്രീറ്റ് സർവ്വേകളും രജിസ്ട്രേഷൻ ഡ്രൈവും നടത്തിയതിന്റെ ഫലമായി വരുമാനവർദ്ധനവുണ്ടാക്കാൻ സാധിച്ചു. അമരവിളയിൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് നിലവിൽവന്നു. വാളയാർ ചെക്ക്പോസ്റ്റിനെ അഴിമതിരഹിതമാക്കാൻ ശ്രമം നടത്തിവരികയാണ്. ലാന്റ് അക്വിസിഷൻ നടപടി സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് ഡിസ്പോസ് ചെയ്താലുടനെ ഭൂമി ഏറ്റെടുത്ത് വാളയാറിലും ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതാണ്. അക്വിസിഷൻ നടപടികൾ പൂർത്തിയായി ഭൂമി കൈവശം കിട്ടിക്കഴിഞ്ഞാൽ മുത്തങ്ങ ചെക്ക്പോസ്റ്റും ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റാക്കുന്നതാണ്. ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിൽ ഈ കഴിഞ്ഞ അഞ്ചു മാസത്തിനുള്ളിൽ 8 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്. വഴിക്കടവ് ചെക്ക്പോസ്റ്റിൽ അഴിമതി നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്തു. നാനോ-എക്സൽ കേസിൽ മുമ്പ് വിജിലൻസ് റെയ്ഡ് നടത്തിയിരുന്നു, പെനാൽറ്റി അടിച്ചിരുന്നു. പ്രസ്തുത കേസിലെ ഉദ്യോഗസ്ഥർ ഒന്നരക്കോടി രൂപ കൈക്കൂലി വാങ്ങി എന്നുള്ള റിപ്പോർട്ട് കിട്ടിയ ഉടൻതന്നെ രണ്ട്

എ.സി.-മാരെ സസ്പെൻഡ് ചെയ്യുകയും സമഗ്രമായ അന്വേഷണം നടക്കുകയുമാണ്. അഴിമതിക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു. സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ട്. പെട്രോളിന്റേയും ഡീസലിന്റേയും നികുതി ഗവൺമെന്റ് ഒഴിവാക്കാതിരുന്നെങ്കിൽ റിക്കാർഡ് വർദ്ധനവ് ഉണ്ടാകുമായിരുന്നു. സംസ്ഥാന ലോട്ടറിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. G.S.T- യെക്കുറിച്ചുള്ള പഠനം നടന്നുവരികയാണ്. ഹഡ്കോയ്ക്ക് നൽകേണ്ട തുകയുടെ പലിശയടച്ച് നിർത്തിവച്ചിരുന്ന വായ്പ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം സുഗമവും ശക്തവുമാക്കുന്നതാണ്. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി കുട്ടനെല്ലൂർ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ റെന്റൽ ഹൗസിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതും സർക്കാർ ജീവനക്കാർക്കുവേണ്ടി കാസർഗോഡും ദേവികുളത്തും ഫ്ളാറ്റുകൾ നിർമ്മിക്കുന്നതും വിദേശ മലയാളികൾക്കുവേണ്ടി കോഴിക്കോടും തൃശ്ശൂരും ഭവന പദ്ധതികൾ നടപ്പിലാക്കുന്നതും ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റ് എന്നപേരിൽ പരിസ്ഥിതി സൗഹാർദ്ദ പരമായിട്ടുള്ള വീടുകൾ തിരുവനന്തപുരത്ത് അമ്പലനഗറിൽ സ്ഥാപിക്കുന്നതും ബംഗ്ലാദേശ് കോളനിയിൽ 358 വീടുകൾ നിർമ്മിച്ചുകൊടുക്കുന്നതുമാണ്. ന്യായ വിലയ്ക്ക് കെട്ടിടനിർമ്മാണ സാമഗ്രികൾ നൽകുന്ന 14 പുതിയ കലവറകൾ നിർമ്മിതി കേന്ദ്രം ഈ വർഷം ആരംഭിക്കും. ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് തിരുവല്ലത്ത് ഏഴ് ഏക്കർ സ്ഥലത്ത് നിർമ്മാണം ആരംഭിക്കുന്നതാണ്. മൈത്രീ ഭവന പദ്ധതി കുടിശ്ശിക എഴുതിത്തള്ളാനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ നീട്ടിക്കൊടുക്കാനുമാവശ്യമായ നടപടി സ്വീകരിക്കും. സർക്കാരിന്റെ ടാക്സേഷൻ നയവും ഫിനാൻഷ്യൽ നയവും പാർപ്പിട നയവും ഉദാത്തമായതാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയ എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാർ ഓപ്പറേഷനിലൂടെ 1654.96 ഏക്കർ സ്ഥലം സർക്കാർ വക ഭൂമിയാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ചുവർഷംകൊണ്ട് രണ്ടര ലക്ഷം പട്ടയമാണ് വിതരണം ചെയ്തതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസത്തിനുള്ളിൽ 27812 പേർക്ക് പട്ടയവും വനാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്. മൂലമ്പിള്ളി പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞു. ചെങ്ങറയിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് ഈ സർക്കാർ വാസയോഗ്യമായ സ്ഥലങ്ങളിൽ പുനരധിവാസം നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷനിൽ കുടിയേറിയ ഭൂരഹിതരായ ആളുകൾക്ക് നിയമവിധേയമായി ഹാരിസന്റെ സ്ഥലത്തുതന്നെ ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള പരിശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അട്ടപ്പാടിയിലെ ആദിവാസികൾക്ക് നഷ്ടമായ 85.21 ഏക്കർ ഭൂമി കണ്ടെത്തി തിരിച്ചെടുക്കുന്നതിനുള്ള നടപടിക ൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 4 വില്ലേജുകളിലെ സർവ്വേ നടപടികൾ പൂർത്തിയായിട്ടിണ്ട്. മൂന്നാറിൽ 56 കേസുകൾ കോടതിയുടെ പരിഗണനയി

ലാണ്. കോടതി പോസിറ്റീവായ തീരുമാനം എടുക്കുന്ന മുറയ്ക്ക് അടുത്ത നടപടികളിലേക്ക് കടക്കുന്നതാണ്. സംസ്ഥാനത്ത് അഞ്ചുവർഷംകൊണ്ട് 'സീറോ ലാൻഡ്ലെസ്സ് കേരള' എന്ന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒഴിപ്പിച്ചെടുത്ത റാണി-ചിത്തിര കായലുകൾ ഭൂരഹിതരായവർക്ക് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പേരൂർക്കടയിൽ സർവ്വേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. ഐ.എൽ.ഡി.എം.-നെ 'ഇഗ്നോ' (IGNOU) യുമായി ബന്ധപ്പെടുത്തി ഒരു കമ്മ്യൂണിറ്റി കോളേജ് സ്ഥാപിച്ച് ലാന്റ് മാനേജുമെന്റും ഡിസാസ്റ്റർ മാനേജുമെന്റുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കാനും അതിനെ ഗവേഷണകേന്ദ്രമാക്കി മാറ്റാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. റവന്യൂ ട്രെയിനിംഗ് കൂടുതൽ ഫലപ്രദമാക്കാനും വീഡിയോ കോൺഫറൻസ് സാധ്യതകൾ പ്രയോജനപ്പെടുത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വില്ലേജ് ഓഫീസുകളെ ജനസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ആരംഭിക്കും. ലാന്റ് റവന്യൂ വകുപ്പിൽ മുടങ്ങിക്കിടന്നിരുന്ന പ്രൊമോഷനുകൾ നൽകുന്നതിനും എസ്റ്റാബ്ലിഷ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തീരുമാനിച്ചു. തിരുവനന്തപുരം ജില്ലയിൽ എല്ലാ താലൂക്കുകളിലും ആർ.ആർ. ഓൺ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി മോണിട്ടർ ചെയ്യുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതാണ്. മുഖ്യമന്ത്രി ചെയർമാനായും വകുപ്പുമന്ത്രി വൈസ് ചെയർമാനായും ഡിസാസ്റ്റർ മാനേജുമെന്റ് കമ്മിറ്റിയും റവന്യു അഡീഷണൽ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഡിസാസ്റ്റർ ഫണ്ട് ഉപയോ

ഗിച്ച് എക്വിപ്മെന്റ്സ് വാങ്ങുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. താലൂക്കുകളുടേയും വില്ലേജുകളുടേയും വിഭജനത്തെക്കുറിച്ച് നയപരമായ തീരുമാനമെടുക്കേണ്ടതാണ്. പമ്പാ വാലിയിലെയും വാഗമണിലെ മുരുകൻമലയിലെയും പട്ടയപ്രശ്നം ഗൗരവമായി പരിഗണിക്കുന്നതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് അതോറിറ്റിയുടെ നിർദ്ദേശവും ഗൈഡ്ലൈനും അനുസരിച്ച് ഫണ്ട് വിനിയോഗിക്കുന്നതാണ്. നദികളിൽനിന്ന് മണൽ ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ ഇന്ത്യാ ഗവൺമെന്റിന്റെ സഹായത്തോടെ കേരള ഗവൺമെന്റ് നടത്തുന്ന സാന്റ് ആഡിറ്റ് ആറ് നദികളിൽ പൂർത്തിയായിട്ടുണ്ട്. മറ്റ് നദികളിലും സാന്റ് ഓഡിറ്റ് നടത്താനുണ്ട്. മണലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്തുനിന്ന് കേരളത്തിലേക്ക് മണൽ കൊണ്ടുവരണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V- ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI- ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI- ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI- ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 65-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

റൂളിംഗ്

## ചോദ്യോത്തരവേള

മി. സ്പീക്കർ: ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ചെയർ ഉപചോദ്യം അനുവദിച്ചതിനെക്കുറിച്ച് ചില അംഗങ്ങൾ പരാതി ഉന്നയിച്ചു. ഇതുസംബന്ധിച്ച് ഒരു വിശദീകരണം നൽകേണ്ടത് അനിവാര്യമാണെന്ന് ചെയർ കരുതുന്നു. ഓരോ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനും 6-7 മിനിട്ട് സമയം അനുവദിച്ചുകൊണ്ട് കുറഞ്ഞത് പത്ത് ചോദ്യങ്ങളെങ്കിലും സഭാതലത്തിൽ ചോദിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കണമെന്ന നിയമസഭാ ചട്ടങ്ങളും നടപടികളും പരിഷ്കരിക്കുന്നത് സംബന്ധിച്ച സമിതിയുടെ ശുപാർശ അടുത്ത ദിവസം മുതൽ നടപ്പിലാക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. നിയമസഭാ നടപടി ചട്ടം 45-ലെ വ്യവസ്ഥകൾ അനുസരിച്ച് മുഖ്യ ചോദ്യത്തിൽനിന്നോ അതിന്റെ ഉത്തരത്തിൽനിന്നോ വ്യതിചലിക്കുന്നതും ഒന്നിൽ കൂടുതൽ വ്യത്യസ്തമായ സംഗതികൾ ഉൾപ്പെടുന്നതും വിവരം നൽകുന്നതുമായ ഉപചോദ്യങ്ങളും അനുവദനീയമല്ല. ദീർഘമായ ഉത്തരങ്ങൾ നൽകുന്ന രീതിയും മന്ത്രിമാർ ഒഴിവാക്കേണ്ടതാണ്. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്ന ആദ്യത്തെ 9-10 വരെയുള്ള ചോദ്യങ്ങളിൽ പേര് ഉൾപ്പെടുന്ന അംഗങ്ങൾക്ക് ചോദ്യം ഉന്നയിക്കാൻ അവസരം ലഭിക്കുന്നതിനാൽ മറ്റ് ചോദ്യങ്ങളിന്മേൽ ഉപചോദ്യം അനുവദിക്കാൻ ആവശ്യമുന്നയിക്കരുത്. ഈ സമ്മേളനത്തിൽ ഇതുവരെ ചോദ്യം ഉന്നയിക്കുവാൻ അവസരം ലഭിക്കാത്ത 46 അംഗങ്ങളുണ്ട്. ഒരുപ്രാവശ്യം ഉപചോദ്യം ഉന്നയിക്കാൻ അവസരം ലഭിച്ചാൽ കുറഞ്ഞത് നാല് ദിവസം കഴിഞ്ഞാലേ അടുത്ത ഉപചോദ്യം ചോദിക്കാവൂ. എന്നാൽ കക്ഷിനേതാക്കന്മാർക്ക്

കൂടുതൽ അവസരം നൽകേണ്ടി വരുമെന്നതിനാൽ അവർ സ്വയം ഇക്കാര്യത്തിൽ ചെയറുമായി സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഭാനടപടികൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിന് എല്ലാ വിഭാഗം അംഗങ്ങളുടേയും സഹകരണം അനിവാര്യമാണ്. ചെയറിന്റെ തീരുമാനങ്ങളിൽ അംഗങ്ങൾക്ക് എന്തെങ്കിലും വിയോജിപ്പുണ്ടെങ്കിൽ പരസ്യമായി പ്രതിഷേധിക്കുന്നതിന് പകരം ചെയറിന്റെ ചേമ്പറിൽ വന്ന് നേരിട്ട് ഉന്നയിക്കേണ്ടതാണ്.

(സഭ വൈകുന്നേരം **4.55**-ന് പിരിഞ്ഞു.)

**@@@@@@@@@**